# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ /സി 9/1552/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 31/10/2023

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/ കെഎൻആർ /സി 9/1552/23 തീയ്യതി: 31/10/2023

## കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2022 മുതൽ 16-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഗോകുൽ.ഡി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സനിൽ.പി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.മുന്ന.പി.സദാനന്ദ് | സെക്രട്ടറി | 01-04-2022 | 24-10-2022 |
| ശ്രീ.സന്തോഷ് കുമാർ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-10-2022 | 11-11-2022 |
| ശ്രീമതി.മുന്ന.പി.സദാനന്ദ് | സെക്രട്ടറി | 12-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സന്തോഷ് കുമാർ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷാജ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രജിത്ത്.ടി.പി | വി.ഇ.ഒ(കതിരൂർ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ലത.എം.വി | വി.ഇ.ഒ(പൊന്ന്യം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡോ.ദീപാരാജ്.വി.ടി | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡോ.ഷബാനാബീഗം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡോ.പി.ഷൈജി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു എ.ഒ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.എം.വി.രാജൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.സുഭാഷ്.എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുമയ്യ.പി.വി | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീമതി.നദീറ.ഇ | കൃഷി ഓഫീസർ | 29-07-2022 | 16-12-2022 |
| ശ്രീമതി.ഇർഷാന.എം.പി | കൃഷി ഓഫീസർ | 17-12-2022 | 31-03-2023 |
| ഡോ.സാഹിന.എ.കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | Income And Expenditure സ്റ്റേറ്റ്മെന്റിൽ Gross Surplus/deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക B-1 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും(B-4ഷെഡ്യൂൾ) ബാങ്ക് നീക്കിയിരിപ്പും(B-17ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ആസ്തിമൂല്യം അപൂർണ്ണം | 1-1-6 |
| 8 | Advance To MGNREGA വാർഷിക ധനകാര്യ പത്രികയിലും അഡ്വാൻസ് രജിസ്റ്ററിലും വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | പുതുക്കിയ ബജറ്റ് | 1-2-1 |
| 11 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-2-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല | 1-11 |
| 21 | അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികുതി കുടിശ്ശിക (₹8,972) ഈടാക്കാനവശേഷിക്കുന്നു | 1-12 |

| | | |
|---|---|---|
| 22 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 23 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ് | 1-14 |
| 24 | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-15 |
| 25 | തനത് വരുമാനം-അവലോകനം | 1-16 |
| 26 | ഇ-ടെണ്ടർ ഫീ തിരികെ ലഭിക്കാൻ ബാക്കി | 1-17 |
| 27 | മുൻകൂർ തുക ക്രമീകരിച്ചില്ല. | 1-18 |
| 28 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല. ₹2,30,315യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം - തുക തിരികെ ഈടാക്കുന്നില്ല | 1-20 |
| 30 | എ ബി സി പദ്ധതി - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹45000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | സ്മാർട്ട് ഐ-ഫേസ് 1 വിനിയോഗ വിവരം ലഭ്യമല്ല -177000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 32 | ഐ കെ എം - പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-71240രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. . | 1-23 |
| 33 | കരാത്തെ - യോഗ പരിശീലനം അപാകതകൾ | 1-24 |
| 34 | വനിതാ വ്യായാമ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ അപാകതകൾ- ₹265174യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | സ്ത്രീ പദവി പഠനം -അപാകതകൾ - ചെലവു തുക ₹30365 തടസ്സപ്പെടുത്തുന്നു | 1-26 |
| 36 | കണക്ട് ടു സക്സസ് - പി എസ് സി കോച്ചിങ് ക്ലാസ് -അപാകങ്ങൾ - ₹15661യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | മെൻസ്ട്രൽ കപ്പ് - സ്റ്റേ സേഫ് പദ്ധതി - വാങ്ങിയ ഇനങ്ങൾ വിതരണം ചെയ്തില്ല - ₹140000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 38 | കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ- തുടർ പ്രവർത്തനം ഇല്ല. ₹40000 തടസ്സപ്പെടുത്തു | 1-29 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-30 |
| 40 | ലൈഫ് മിഷൻ ഭവന വായ്പ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-31 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കതിരൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12-07-2023 ലെ 136/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കതിരൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
31-10-2023.

## 1-1-1 വാർഷിക ധനകാര്യ പത്രികയിൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തമ്മിൽ പൊരുത്തപ്പെടുന്നില്ല

1) വാർഷിക ധനകാര്യ പത്രികയിൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

A) Residential

| ഡിമാന്റ് I-1 പ്രകാരം | കളക്ഷൻ RP-45 | യഥാർത്ഥ ബാലൻസ് | B-15 പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| 2827400 | 2817281 | 10119 | 2048 |

B) Non Residential

| ഡിമാന്റ് I-1പ്രകാരം | കലക്ഷൻ RP-45 | യഥാർത്ഥ ബാലൻസ് | B-15 പ്രകാരം |
|---|---|---|---|
| 2204709 | 2195513 | 9196 | 0 |

### 1-1-2 Income And Expenditure സ്റ്റേറ്റ്മെന്റിൽ Gross Surplus/deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക B-1 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

Income & Expenditure Statement പ്രകാരം Surplus/deficit Of Income Over Expenditure ₹(-)4569153 ആണ്. എന്നാൽ B-1 ഷെഡ്യൂളിൽ Excess Of Income Over Expenditure ആയി ചേർത്തത് ₹27310935 ആണ്.

### 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും(B-4ഷെഡ്യൂൾ) ബാങ്ക് നീക്കിയിരിപ്പും(B-17ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല.

1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് B-4 ഷെഡ്യൂളിൽ ₹44,23,987 ആണ്. B-17ൽ ഇത് ₹44,28,032 ആണ്.

2) ICDS നീക്കിയിരിപ്പ് - Indian Overseas Bankലെ 027601000027005 അക്കൗണ്ടിൽ (B-17ൽ) ₹377665 ആണ്. സ്ഥാപനം സൂക്ഷിച്ച ACR പ്രകാരം ഇത് ₹377664 ആണ്. B-4 ഷെഡ്യൂളിൽ ഈയിനത്തിലെ ബാലൻസ് ₹3,80,250യാണ്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹7590464യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)24432354 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്.

### 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
4. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-6 ആസ്തിമൂല്യം അപൂർണ്ണം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ മൂല്യം B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 Advance To MGNREGA വാർഷിക ധനകാര്യ പത്രികയിലും അഡ്വാൻസ് രജിസ്റ്ററിലും വ്യത്യാസം

B-18 ഷെഡ്യൂൾ പ്രകാരം Advance To MGNREGA ₹1329661 ആണ്. സ്ഥാപനം സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹1332661 ആണ്. ₹3000യുടെ വ്യത്യാസം ഉണ്ട്.

## 1-2 ബജറ്റ്

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24.03.22ലെ സാധാരണ യോഗത്തിലെ 56/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14962286.95 |
| വരവ് | 688138953 |
| ആകെ | 703101239.95 |
| ചെലവ് | 687893615 |
| നീക്കിയിരിപ്പ് | 15207624.95 |

### 1-2-1 പുതുക്കിയ ബജറ്റ്

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ പുതുക്കിയ ബജറ്റ് 06-03-2023ലെ 44/2023-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14268067 |
| വരവ് | 216870128 |
| ആകെ | 231138195 |
| ചെലവ് | 220623957 |
| നീക്കിയിരിപ്പ് | 10514238 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേക യോഗത്തിൽ അംഗീകരിക്കുവാനും പാസ്സാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചതും പാസാക്കിയതും ഭരണസമിതിയുടെ സാധാരണ യോഗത്തിലാണ്.

### 1-2-2 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ

2. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

3. പെർഫോമൻസ് ബജറ്റ്

4. ജെൻഡർ ബജറ്റ്

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റുകൾ ആയി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 12038971 |
| വരവ് | 52857102 |
| ആകെ | 64896073 |
| ചെലവ് | 45266638 |
| നീക്കിയിരിപ്പ് | 19629435 |
| വരവിനങ്ങളിലെ നഷ്ടം | -- |

| | |
|---|---|
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1014755 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21499000 | 21499000 | 19981782 | 175319 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 862000 | 862000 | 837000 | 25000 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 7812000 | 7812000 | 6744882** | 1067118 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 5340000 | 5340000 | 5180180 | 159820 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 1392000 | 4980000 | 6372000 | 2910288 | 3461712 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഫണ്ട് | 60842 | 3457086 (137086പലിശ) | 3517928 | 2555653 | 962275 (137086പലിശ) |
| എം എൻ ആർ ഇ ജി എസ് | 3605 | 18008807 | 18012412 | 17981121 | 31291 |
| ഐ സി ഡി എസ്- | 60959 | 1455951 | 1516910 | 1139246 | 377664 |
| എം പി ഫണ്ട് | 0 | 154011 | 154011 | 154011 | 0 |
| ശുചിത്വമിഷൻ | 9981 | 0 | 9981 | 0 | 9981 |
| ആരോഗ്യ ഗ്രാന്റ്-conversion Of Rural PHC And Subcentres | 0 | 162284 | 162284 | 0 | 162284 |
| ആരോഗ്യ ഗ്രാന്റ്-primary Health Care Facilities | 0 | 297043 | 297043 | 276684 | 20359 |
| ആരോഗ്യ ഗ്രാന്റ്-ആയുർവേദം | 0 | 500000 | 500000 | 0 | 500000 |
| സാക്ഷരത | 11513 | 465 | 11978 | 0 | 11978 |
| വിമുക്തി | 33000 | 0 | 33000 | 0 | 33000 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് - ജില്ലാതലം | 797955 | 0 | 797955 | 0 | 797955 |
| അദർ സ്കീം | 0 | 102509 | 102509 | 0 | 102509 |
| റൂറൽ ഹൗസിങ് ഫോർ ഓൾ | 0 | 2800000 | 2800000 | 1320000 | 1480000 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ സ്കീം | 0 | 185585 | 185585 | 184585 | 1000 |
| ബയോഡൈവേഴ്സിറ്റി | 0 | 102509 | 102509 | 100000 | 2509 |

*1341899 Go Project+₹175319 Q Bill

**₹293647 Q Bill

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 220 | 101377947 | 183 | 59399501 | 143 | 40 | 37 | 65 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 33 | 26 | 6129642 | 4211307 | 68.7 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 14 | 1602991 | 1193746 | 74.47 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 53 | 39456974 | 20811593 | 52.74 |
| 4 | കൃഷി ഓഫീസർ | 11 | 11 | 3654829 | 3467329 | 94.87 |
| 5 | വി.ഇ.ഒ. കതിരൂർ | 11 | 10 | 3000714 | 2362349 | 78.73 |
| 6 | മെഡിക്കൽ ഓഫീസർ PHC | 15 | 13 | 3685659 | 3000346 | 81.41 |
| 7 | മെഡിക്കൽ ഓഫീസർ GAD | 3 | 3 | 838355 | 838355 | 100 |
| 8 | മെഡിക്കൽ ഓഫീസർ GHD | 2 | 2 | 314000 | 314000 | 100 |
| 9 | വെറ്റിനറി സർജ്ജൻ | 8 | 8 | 1192450 | 1190519 | 99.84 |
| 10 | ICDS സൂപ്പർവൈസർ | 22 | 22 | 7504217 | 6832324 | 91.05 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1094765 | 1094765 | 100 |
| 12 | ഹെഡ് മാസ്റ്റർ | 16 | 9 | 2355474 | 1702491 | 72.28 |
| 13 | വി.ഇ.ഒ, പൊന്ന്യം | 10 | 10 | 30547877 | 12380377 | 40.53 |
| | ആകെ | 220 | 183 | 101377947 | 59399501 | 58.59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3605 | 798807 | 802412 | 771121 | 31291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17210000 | 17210000 | 17210000 | 0 |
| ആകെ | 3605 | 18008807 | 18012412 | 17981121 | 31291 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 22,34,000 | 207 |
| വിധവാപെൻഷൻ | 1,28,89,200 | 1187 |
| വാർദ്ധക്യകാലപെൻഷൻ | 2,95,57,200 | 2829 |
| ഭിന്നശേഷി പെൻഷൻ | 39,40,200 | 356 |
| അവിവാഹിത പെൻഷൻ | 40,21,200 | 375 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 06 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2023ന് 10.55 Am ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹24,710യുടെ (ഇമ്പ്രസ്റ്റ് -₹200) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. നികുതി പിരിവ് 100% ആക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. മുഴുവൻ വ്യാപാര സ്ഥാപനങ്ങളും FTE&OS ലൈസൻസ് എടുത്തിട്ടുണ്ടെന്നുറപ്പു വരുത്താൻ എല്ലാ വാർഡ് ക്ലർക്കുമാർക്കും ഓഫീസ് ഓർഡർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ മീറ്റിംഗുകളുടെ നടത്തിപ്പ് സുഗമമായി നടക്കുന്നതിന് ക്ലർക്കുമാരെ നിയോഗിച്ചിട്ടുണ്ട്. നിയമസഭാ കാലയളവിലെ അവധിദിനങ്ങളിലെ പ്രത്യേക ജോലിക്ക് ജീവനക്കാരെ നിയോഗിക്കൽ,ഫ്രണ്ട് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകൽ, പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാനുള്ള നിർദ്ദേശം നൽകൽ മുതലായവയിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഓഫീസിൽ ജീവനക്കാർ സമയനിഷ്ഠയും പെരുമാറ്റച്ചട്ടവും പാലിക്കുന്നുണ്ടെന്നുറപ്പു വരുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കതിരൂർ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 2022-23 സാമ്പത്തിക വർഷം 5 തവണ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. 2022-23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, വാതിൽപ്പടി സേവനം ലഭ്യമാക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കതിരൂർ ഗ്രാമപഞ്ചായത്തിലെ കക്കറ വാർഡിൽ (വാർഡ് നം.7) സുകുമാരൻ.എൻ.കെ (സുകൃതം, കക്കറ, കതിരൂർ), ജ്യോതിഷ്.പി (പി.വി.ഹൗസ്, മുഴപ്പിലങ്ങാട്), ധന്യ.എ (ശ്രീപാർവ്വതി, പെരുന്താറ്റിൽ ,മുഴപ്പിലങ്ങാട്) എന്നിവരുടെ ഉടമസ്ഥതയിലുള്ള 293.48 ച.മീ തറ വിസ്തീർണ്ണമുള്ള ഇരുനില വാണിജ്യ കെട്ടിടത്തിലെ/സൂപ്പർ മാർക്കറ്റ് (പെർമിറ്റ് നം.B3-BA (190713)2022) കടമുറികളുടെ വസ്തു നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്നതു പ്രകാരമാണ് സഞ്ചയയിൽ നടത്തിയിരിക്കുന്നത്.

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | ദ്വിതീയം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | അഞ്ചാം മൈൽ നാദാപുരം റോഡ് |
| റോഡിന്റെ തരം | 5 മീറ്ററോ അതിൽ കൂടുതലോ |
| കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം | കോൺക്രീറ്റ് മേൽക്കൂര |
| തറ നിർമ്മിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ |
| കെട്ടിടത്തിന്റെ കാലപ്പഴക്കം | 0 |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | ₹70 |

| കട മുറിയുടെ നമ്പർ | നില | തറ വിസ്തീർണം (ച.മീ) | അടിസ്ഥാന വസ്തു നികുതി യിൻ മേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി യിൻമേലുള്ള ഇളവ് | സഞ്ചയ പ്രകാരം നിർണ്ണയിച്ച ആകെ നികുതി (വസ്തു നികുതി+ ലൈബ്രറി സെസ്സ് +സർവ്വീസ് ചാർജ്ജ്) |
|---|---|---|---|---|---|

| | | | | | (₹) |
|---|---|---|---|---|---|
| 7/122A | ഗ്രൗണ്ട് ഫ്ലോർ | 14.96 | 20% | 10% | 1210+61+121 |
| 7/122B | ഗ്രൗണ്ട് ഫ്ലോർ | 62.92 | 20% | 10% | 5088+255+509 |
| 7/122C | ഗ്രൗണ്ട് ഫ്ലോർ | 34.56 | 20% | 10% | 2796+140+280 |
| 7/122D | ഗ്രൗണ്ട് ഫ്ലോർ | 9.52 | 20% | 10% | 771+39+78 |
| 7/122E | ഫസ്റ്റ് ഫ്ലോർ | 53.76 | 20% | 10%+ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 4130+207+413 |
| 7/122F | ഫസ്റ്റ് ഫ്ലോർ | 43.56 | 20% | 10%+ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 3348+168+335 |
| 7/122G | ഫസ്റ്റ് ഫ്ലോർ | 60.6 | 20% | 10%+ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 4656+233+466 |
| 7/122H | ഫസ്റ്റ് ഫ്ലോർ | 13.6 | 20% | 10%+ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 1046+53+105 |

വസ്തു നികുതി നിർണ്ണയത്തിനായി കെട്ടിട ഉടമ സമർപ്പിച്ച ഫോം 6ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് 35% ആയിരിക്കേണ്ടതാണ്. പക്ഷെ സഞ്ചയയിലെ വസ്തുനികുതി അസസ്മെന്റിൽ പ്രസ്തുത ഇനത്തിൽ 20% വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളൂ. തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 12/25-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ഓരോ മുറികൾക്കും പ്രത്യേകം നമ്പർ അനുവദിക്കേണ്ടതുണ്ട് എന്നും ആയത് പ്രകാരമാണ് ആകെ 293.48 ച.മീ വിസ്തൃതിയുള്ള പ്രസ്തുത കെട്ടിടത്തെ 8 മുറികളായി വിഭജിച്ച് നമ്പർ നൽകിയതെന്നും ഇപ്രകാരം നമ്പർ നൽകുമ്പോൾ നമ്പർ അനുവദിക്കപ്പെട്ട മുറികളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ച് വരുന്നതെന്നും ആയതിനാലാണ് ആകെ തറ വിസ്തീർണ്ണം എന്നത് പ്രകാരമുള്ള വർദ്ധനവ് നികുതി ഇനത്തിൽ ലഭ്യമാവാത്തത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 250 ച.മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ (ചെറിയ മുറികൾ/ഹാളുകളായി തിരിച്ചിരിക്കുന്ന ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം) വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയത്തിന് പരിഗണിക്കുന്നില്ല എന്നുള്ള വിവരം സോഫ്റ്റ്‌വെയർ സേവനദാതാക്കളുടെ (ഐ.കെ.എം.ന്റെ) ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികുതി കടിശ്ശിക (₹8,972) ഈടാക്കാനവശേഷിക്കുന്നു

കതിരൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 18/130A നമ്പർ കെട്ടിടത്തിന്റെ (അനധികൃത നിർമ്മിതി) 2019-20 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി, ലൈബ്രറി സെസ്സ്,സർവീസ് ചാർജ് എന്നീ ഇനങ്ങളിലെ ആകെ കുടിശ്ശിക ₹8972 നാളിതുവരെ ഈടാക്കിയിട്ടില്ല (വസ്തു നികുതി പിരിവ് (ഡിമാൻഡ് , കളക്ഷൻ, ബാലൻസ്) സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചത് പ്രകാരം).

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര്/ വിലാസം | വാർഷിക നികുതി (₹) | ഈടാക്കേണ്ടവാനുള്ള സാമ്പത്തിക വർഷം | കുടിശ്ശിക (₹) |
|---|---|---|---|---|
| 18/130A | ചെറിയ കുവ്വാട്ട് ചന്ദ്രി, ചാർവാകം സോഡാമുക്ക്, കതിരൂർ | 1950+98 (Library Cess)+ 195 (Service Charge) = ₹2,243 | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | ₹8,972 |

പ്രസ്തുത കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട തുടർനടപടികളുടെ വിശദാംശം അറിയിക്കുവാൻ നൽകിയ 13/25-09-2023 ഓഡിറ്റ് എൻക്വയറിക്ക് കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടത്തുന്നതിനായി റിട്ടേൺ ഫയൽ (ഫയൽ നം.2021/3623/13, 2021/3619/13, 2022/1312/13, 2023/3945/13) റവന്യൂ അധികാരികൾക്ക് കൈമാറി നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരം സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതലും 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ (മിനി എന്റർപ്രൈസസ്) നിന്നും ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ₹1000 ആണ്. എന്നാൽ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഇത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം | ലൈസൻസ് നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം/ മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|
| 1 | ഫ്രണ്ട്ഷിപ്പ് സർവീസ് സ്റ്റേഷൻ | 495/2022-23 | 4/585 | സലിം | 12 ലക്ഷം/ സേവന മേഖല | ₹2000 |
| 2 | പടക്ക വില്പന | 127/2022-23 | 4/106,107,108 | എം എസ് ശ്രീജൻ | 20 ലക്ഷം/ സേവന മേഖല | ₹4000 |
| 3 | ഗ്രാമദീപം (പടക്ക വില്പന) | 602/2022-23 | 7/70 | സെക്രട്ടറി ഗ്രാമദീപം ചാരിറ്റബിൾ സൊസൈറ്റി | 25 ലക്ഷം/ സേവന മേഖല | ₹2000 |
| 4 | ഒലീവ് ഹൈപ്പർ മാർക്കറ്റ് | 541/2022-23 | 3/413A,D | മുഹമ്മദ് അസ്‌ലം എ | രേഖപ്പെടുത്തിയിട്ടില്ല | ₹4000 |

മേൽ പറഞ്ഞിരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം,ഗ്രാമ പഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ FTE&OS ലൈസൻസ് ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കുവാൻ നൽകിയ 2/23-09-2023 ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ ഗ്രാമ പഞ്ചായത്തിൽ FTE&OS ലൈസൻസ് ഫീസ് ചട്ടപ്രകാരമുള്ള പരമാവധി നിരക്കിലാണ് ഈടാക്കി വരുന്നതെന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര

സ്ഥാപനങ്ങളുടെ ഉടമകൾക്ക് മൂലധന നിക്ഷേപം സംബന്ധിച്ച് കൃത്യമായ ധാരണ ഇല്ലാത്തതിനാൽ ലൈസൻസ് അപേക്ഷകളിൽ വലിയ സംഖ്യ മൂലധന നിക്ഷേപമായി കാണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വൻ തുക ലൈസൻസ് ഫീസ് ആയി വരുന്നതിനെതിരെ മെമ്പർമാർ വഴി പരാതിപ്പെട്ടതിനെ അടിസ്ഥാനത്തിൽ ടി കാര്യത്തിൽ അന്വേഷണം നടത്തുകയും കൂടുതൽ പരാതികൾക്ക് ഇട വരുത്താതെ ലൈസൻസ് ഫീസ് നിശ്ചയിക്കുകയുമാണ് ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ചട്ട പ്രകാരം (1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും, ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപെടുത്താതിരുന്ന സ്ഥാപനത്തിന്റെ (ക്രമ നമ്പർ 4) യഥാർത്ഥ മൂലധന നിക്ഷേപം പരിശോധിച്ച് ഉറപ്പ് വരുത്തി ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയതി | കെട്ടിടത്തിന്റെ നില വിലെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|---|
| 1 | 5/477 A | തട്ടാരത്ത് മഠത്തിൽ വിനോദ് കുമാർ,കുന്നുമ്പ്രത്ത് നിഷ | B3-BA (188727)/2018, 9-07-2018 | 166.62 (താഴത്തെ നില) | 108.6 (ഒന്നാമത്തെ നില) | 173.96 (താഴത്തെ നില) |
| 2 | 11/183 | പാറായി രാജു | B3-BA (195047)/2018, 23-07-2018 | 77.28 (താഴത്തെ നില ) 13.03 (ഒന്നാമത്തെ നില) | 54 (ഒന്നാമത്തെ നില ) | 86 (താഴത്തെ നില) |
| 3 | 14/168 A | കുവേരി പൈക്കാട്ട് മുഹമ്മദ് റയീസ് | B3-BA (192189)/2018, 19-07-2018 | 109.81 (താഴത്തെ നില ) | 67.39 (ഒന്നാമത്തെ നില) | 121.45 (താഴത്തെ നില) |

| | | | | | | |
|---|---|---|---|---|---|---|
| 4 | 4/5 | മുരിക്കോളിൻറവിട സുരേന്ദ്രൻ | B3-BA (135332)/2018, 19-05-2018 | 94.18 (താഴത്തെ നില ) | 80.80 (ഒന്നാമത്തെ നില) | 71 (താഴത്തെ നില) |
| 5 | 11/350 | ചാത്തമ്പള്ളി രമേഷ് ബാബു | B3-BA (215401)/2018, 4-09-2018 | 115.91 (താഴത്തെ നില) | 82.07 (ഒന്നാമത്തെ നില) | 80 (താഴത്തെ നില) |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം,പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാൻ നൽകിയ 21/27-09-2023 ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞിരിക്കുന്ന കെട്ടിട ഉടമകൾ നിലവിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കിയിട്ടില്ല എന്നും ഫീൽഡ് തല പരിശോധന നടത്തി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ പഞ്ചായത്തിന് നഷ്ടം വരാത്ത വിധത്തിൽ ടി ഉടമകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിലവിൽ ഗ്രാമ പഞ്ചായത്തിൽ ജി ഐ എസ് മാപ്പിംഗ് പദ്ധതി പ്രകാരം ഫീൽഡ് ജീവനക്കാരെ വിനിയോഗിച്ച് എല്ലാ കെട്ടിടങ്ങളുടെയും തറ വിസ്തീർണ്ണം ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ശേഖരിച്ച് വരുന്നുണ്ടെന്നും ആയത് പ്രകാരം കെട്ടിടങ്ങളുടെ ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് കൃത്യത ഉറപ്പ് വരുത്തി കൂട്ടി എടുത്ത ഭാഗങ്ങളുടെ തറ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയേറെയാണ്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ്തല പരിശോധന കൂടുതൽ കാര്യക്ഷമമായി നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. പെർമിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ FTE & OS ലൈസൻസ് എടുത്ത/പുതുക്കിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2022 -23 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ (രജിസ്റ്റർ പ്രകാരം) | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | വിജയ ഓയിൽ മിൽ (8/538) | വി വി ചന്ദ്രൻ പൊന്ന്യം ഈസ്റ്റ് | 306/2022-23 | 2 |
| 2 | ഹൊസബർഗ് കൂൾ ബാർ, ഹോട്ട്&ബേക്കറി (3/518) | കെ കെ യൂസഫ് ഹാജി | 301/2022-23 | 2 |

| | | | | |
|---|---|---|---|---|
| | | പുന്നാട് | | |
| 3 | വി പി ഫർണിച്ചർ (1/396) | വി പി പ്രകാശൻ ഉമ്മൻചിറ | 557/2022-23 | 3 |

ഇത് സംബന്ധിച്ച് നൽകിയ 1/23-09 -2023 ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 തനത് വരുമാനം-അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം നടത്തിയിട്ടുള്ള കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വിഭവസമാഹരണ അവലോകനം ചുവടെ ചേർക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കപ്പെട്ടിട്ടില്ല. താരതമ്യേന റവന്യൂ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി, നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക വരവ്, പൊതു ശ്മശാന വാടക വരവ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ.

I. വസ്തു നികുതി: സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം പാലിച്ച് പുതിയ വിജ്ഞാപനം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി അംഗീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത 5% അധിക നികുതിയാണ് നിലവിലുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നത്. 2022-23 വർഷം നമ്പറിംഗ് നൽകിയ പുതിയ കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. പുതുക്കിയ വസ്തു നികുതി നിരക്ക് സംബന്ധിച്ച കരട് വിജ്ഞാപനം 12-06-2023 ന് ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും (17-04-2023 ലെ നം. 77/2023 ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം) ആയത് അന്തിമമാക്കിയിട്ടില്ല. പൊതുജനാഭിപ്രായം ആരാഞ്ഞതിനു ശേഷം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് കരട് വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം അന്തിമമാക്കുന്നതിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്കു മുമ്പ് പഴയ നിരക്കുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമാണ്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ നിന്നും ഈടാക്കാനവശേഷിക്കുന്ന വസ്തു നികുതി കുടിശ്ശിക

(7800/-) പിഴ സഹിതം (1994ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക). ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. തൊഴിൽ നികുതി : സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡാറ്റാബേസിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, സ്വയംതൊഴിൽ ചെയ്യുന്നവരുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽനികുതിയിനത്തിലുണ്ടാകുന്ന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ് : 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9 ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 725 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV. എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് : 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം സ്ഥാപനങ്ങളെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും. ഒട്ടുമിക്ക സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം | ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം/മേഖല | ഈടാക്കിയ ലൈസൻസ് ഫീസ്(₹) |
|---|---|---|---|---|
| 1 | ഹോട്ട് ബർഗ് കൂൾബാർ, ഹോട്ട് & ബേക്കറി | കെ കെ യൂസഫ് ഹാജി | 12ലക്ഷം/ സേവന മേഖല | 1000 |
